പോലീസ് വകുപ്പ്

കേരളം

**No. G2-1968/2018/ID**

ജില്ലാ പോലീസ് ഓഫീസ്,

ഇടുക്കി

spidk.pol@kerala.gov.in

04862232354

തീയതി. 21-12-2019

**ലേല പരസ്യം**

ഇടുക്കി ജില്ല പോലിസ് മേധാവിയുടെ അധീനതയിൽ കരിമണ്ണൂർ പോലിസ് സ്റ്റേഷൻ പരിസരത്ത് സ്ഥിതി ചെയ്യുന്ന, പഴയ പോലിസ് ക്വാർട്ടർസുകളായ 388, 389, 390, 391, 392, 393 എന്നീ നമ്പരുകളിൽ ഉള്ള കെട്ടിടങ്ങൾ ലേലം ചെയ്തു പൊളിച്ച് നീക്കുന്നതിനായി 12.02.2020 തിയതി പകൽ 11 മണിക്ക് കരിമണ്ണൂർ പോലിസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹജരകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യമായ 42000/-രൂപ (നാല്പത്തി രണ്ടായിരം രൂപ) ലേലസ്ഥലത്ത് അടച്ച് രസീത് വങ്ങേണ്ടാതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ, തപാൽ മാർഗ്ഗമോ നിശ്ചിത നിരതദ്രവ്യമായ തുക അടച്ചതിന്റെ demand draft (ഇടുക്കി ജില്ല പോലിസ് മേധാവിയുടെ പേരിൽ ) 10.02.2020 വൈകിട്ട് 5 മണി വരെ ഇടുക്കി ജില്ല പോലിസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. കൂടതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് " പോലിസ് ഡിപ്പാർട്ട്മെൻറ് വക കരിമണ്ണൂർ പോലിസ് സ്റ്റേഷൻ പഴയ ക്വാർട്ടർസ് കെട്ടിടം ലേലം ചെയ്യുന്നതിനുള്ള ദർഘാസ് " എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്. പരസ്യ ലേലം അവസാനിച്ചാൽ ഉടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ, ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും (നിരതദ്രവ്യം കഴിച്ച്) 18% GST, 1% പ്രളയ സെസ്സും ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതിയും അടച്ച് രസീത് വങ്ങേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതു മുൻ ലേലക്കരനിൽ നിന്നും ഈടാക്കുന്നതും, കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല.

മേൽ സൂചിപ്പിച്ച കെട്ടിടം പരിശോധിക്കണമെങ്കിൽ 10.02.2020 വരെയുള്ള ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണിവരെ കരിമണ്ണൂർ സ്റ്റേഷൻ ഹൌസ് ഓഫീസറുടെ മുൻകൂർ അനുമതിയോട്ടു കൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തിയതി മാറ്റി വയ്ക്കുന്നതിനും ലേലം / ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം ഇടുക്കി ജില്ല പോലിസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

നാരായണൻ ടി ഐ പി എസ്

ജില്ലാ പോലീസ് മേധാവി

G2-1968/2018/ID

655ebd

സ്വീകർത്താവ് : 1. സൂപ്രണ്ട്, സർക്കാർ പ്രസ്സ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം) - പരസ്യം നല്കുന്നതിനായ്. 2. എല്ലാ ജില്ല പോലിസ് മേധാവിമാർക്കും- അറിവിനും പരസ്യം നല്കുന്നതിനുമായ്. 3. ജില്ല ഇൻഫർമേഷൻ ഓഫീസർക്ക് - പത്രപരസ്യം നല്കുന്നതിനായ്.

പകർപ്പ് : 1. ഡി.വൈ. എസ്. പി തൊടുപുഴ, എസ്.എച്ച്.ഒ കരിമണ്ണൂർ - അറിവിനും അനന്തരനടപടികള്ക്കും, വ്യാപക പരസ്യം നല്കുന്നതിനുമായി. 2. ഇടുക്കി ജില്ലയിലെ എല്ലാ ഓഫീസരർമാർക്കും - അറിവിനും വ്യാപക പരസ്യം നല്കുന്നതിനുമായി.